"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി – കൊച്ചി കോർപ്പറേഷൻ – കണ്ടിൻജന്റ് വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ മരണപ്പെട്ട എസ്.ചന്ദ്രന്റെ മകൾ ശ്രീമതി.വിജയലക്ഷ്മി.സി.- എൽ. ഡി. ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം - അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(കൈ) നം.138/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/07/2021

---

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.പ.ഭ.വ നമ്പർ ഉത്തരവ്.

2. ശ്രീമതി. വിജയലക്ഷ്മി.സി-യുടെ 09.05.2018 തീയതിയിലെ അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 04.12.2018 തീയതിയിലെ ഇ4- 15067/18 നമ്പർ കത്ത്.

4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം.5/2018/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.

5. എറണാകുളം ജില്ലാ കളക്ടറുടെ 19.03.2019 തീയതിയിലെ DCEKM/4690/2019-E5 നമ്പർ കത്ത്.

## ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊച്ചി കോർപ്പറേഷനിൽ കണ്ടിൻജന്റ് വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 26.07.2017 തീയതിയിൽ മരണപ്പെട്ട എസ്. ചന്ദ്രന്റെ മകൾ ശ്രീമതി. വിജയലക്ഷ്മി.സി (C/o സിന്ധു, പൂക്കോട്ടിൽപറമ്പിൽ ഹൗസ്,കരിമുകൾ പി ഒ, എറണാകുളം, 682303) അപേക്ഷ സമപ്പിച്ചിരുന്നു. എസ് ചന്ദ്രന്റെ സേവനകാലം 34 വർഷം 10 മാസം 01 ദിവസമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 01.09.1958 ഉം 24.09.1982 ഉം ആണ്. നഗരകാര്യ ഡയറക്ടറും എറണാകുളം ജില്ല കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട് .

2. അപേക്ഷക പ്രീ- ഡിഗ്രി പാസ്സായിട്ടുള്ളതും ടിയാന്റെ ജനന തീയതി 08.09.1982 ആണ്. ടിയാരി നിശ്ചിത സമയ പരിധിക്കുള്ളിൽ (09.05.2018 ) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും എറണാകുളം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷക വിവാഹിതയാണ്.പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി. വിജയലക്ഷ്മി.സി-യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ട് നല്കിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 60,000/- രൂപയാണെന്ന് (അറുപതിനായിരം രൂപ മാത്രം) മണക്കുന്നം ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി. സി. വിജയലക്ഷ്മി വിവാഹശേഷവും പിതാവായ എസ് ചന്ദ്രനെ ആശ്രയിച്ചാണ്

കഴിഞ്ഞിരുന്നതെന്ന് കണയന്നൂർ തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.. കൂടാതെ പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം അപേക്ഷക സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായ പരിശോധിച്ചു. കൊച്ചി കോർപ്പറേഷനിൽ കണ്ടിൻജന്റ് വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 26.07.2017 തീയതിയിൽ മരണപ്പെട്ട എസ്.ചന്ദ്രന്റെ മകൾ ശ്രീമതി. വിജയലക്ഷ്മി.സി-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൊച്ചി കോർപ്പറേഷനിലോ എറണാകുളം ജില്ലയിലെ ഏതെങ്കിലും നഗരസഭയിലോ എൽ ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി തസ്തികയിലെ ആശ്രിത നിയമനം ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യത അനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ് .

5. ഈ ജോലി ലഭിക്കുന്നതിനായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്</u>
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ
ജില്ലാ കളക്ടർ , എറണാകുളം
ശ്രീമതി. വിജയലക്ഷ്മി.സി , C/o സിന്ധു, പൂക്കോട്ടിൽപറമ്പിൽ ഹൗസ്,കരിമുകൾ പി ഒ, എറണാകുളം, 682303
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി(ഇയു4/4/2019-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ